# പതിനഞ്ചാം കേരള നിയമസഭ

# ഒൻപതാം സമ്മേളനം

2023 സെപ്റ്റംബർ 14, വ്യാഴം

**നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--30]**

**മറുപടി നൽകുന്ന മന്ത്രിമാർ**

**ധനകാര്യ വകുപ്പ് മന്ത്രി**

**നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി**

**വൈദ്യുതി വകുപ്പ് മന്ത്രി**

**സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി**

**മൾട്ടി സ്റ്റേറ്റ് സഹകരണ നിയമ ഭേദഗതിയും സംസ്ഥാനത്തിന്റെ പ്രതിരോധ നടപടികളും**

*181 **ശ്രീമതി സി. കെ. ആശ**
**ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട ഭരണഘടന ബഞ്ചിന്റെ സുപ്രധാന വിധിയിൽ സഹകരണ മേഖല സംസ്ഥാന വിഷയമാണെന്ന് അസന്നിഗ്ധമായി ചൂണ്ടിക്കാട്ടിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എങ്കിൽ സഹകരണ മേഖല സംസ്ഥാന വിഷയമാണെന്ന വിധി മറികടക്കാനാണ് മൾട്ടി സ്റ്റേറ്റ് സഹകരണ നിയമ ഭേദഗതിയുമായി കേന്ദ്ര സർക്കാർ മുന്നോട്ടുവരുന്നതെന്ന് കരുതുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഭേദഗതിയിലൂടെ ഫെഡറൽ സംവിധാനത്തെ മറികടക്കാനും ഭരണഘടന പ്രകാരം സംസ്ഥാനങ്ങൾക്ക് ലഭിച്ചിട്ടുള്ള സ്വാതന്ത്ര്യം കവർന്നെടുക്കാനുമുള്ള ശ്രമമാണ് കേന്ദ്രം നടത്തുന്നതെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സഹകരണ മേഖലയുടെ വിശ്വാസ്യത നഷ്ടപ്പെടുത്തുന്ന പ്രസ്തുത നീക്കങ്ങൾക്കെതിരെ സംസ്ഥാനം സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) ഇതിനെതിരെ മറ്റ് സംസ്ഥാനങ്ങളുടെ പിന്തുണയോടെ യോജിച്ച പ്രതിരോധം തീർക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**ദീർഘകാല കരാറുകൾ റദ്ദാക്കുന്നതിലൂടെ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാദ്ധ്യത**

*182 **ശ്രീ. എം. വിൻസെന്റ്**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീർഘകാല കരാറുകൾ റദ്ദാക്കി കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങുന്നതിലൂടെ ശരാശരി 4.29 രൂപയ്ക്ക് ലഭിച്ചിരുന്ന വൈദ്യുതിയുടെ വില 5.12 രൂപ മുതൽ 6.34 രൂപവരെ ഉയർന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നടപടി കെ.എസ്.ഇ.ബി. യ്ക്ക് കടുത്ത സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കും എന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഈ നീക്കത്തിൽ നിന്നും പിന്മാറാൻ തയ്യാറാകുമോ;

(സി) ഇത്തരത്തിലുണ്ടാകുന്ന അധികച്ചെലവ് സർചാർജ്ജായി ഈടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

## പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതി

*183 **ശ്രീമതി ഒ എസ് അംബിക**
**ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രി സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ആരംഭിക്കാൻ തീരുമാനിച്ച പെയ്ഡ് സഹകരണ പാലിയേറ്റീവ് കെയർ പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം നിശ്ചിത തുക ഒടുക്കി രജിസ്റ്റർ ചെയ്യുന്ന രോഗികൾക്ക് ആവശ്യം അറിയിക്കുന്ന മുറയ്ക്ക് രോഗനിർണ്ണയം നടത്തി ചികിത്സ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിശ്ചിത ഇടവേളകളിൽ താമസസ്ഥലത്തെത്തി ആവശ്യമായ രോഗനിർണ്ണയ പരിശോധനകൾ നടത്തി തുടർചികിത്സ നിർദ്ദേശിക്കുന്ന പദ്ധതി ഇതിന്റെ ഭാഗമായി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഡി) ജനങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി എല്ലാ തലങ്ങളിലുമുള്ള ആരോഗ്യ സംരക്ഷണങ്ങളിലും സഹകരണ ആശുപത്രികളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## ഭൂമി രജിസ്ട്രേഷൻ സുതാര്യവും വേഗത്തിലുമാക്കാൻ നടപടി

*184 **ശ്രീ കെ ബി ഗണേഷ് കുമാർ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂമി രജിസ്ട്രേഷൻ നടപടികൾ സുതാര്യവും വേഗത്തിലുമാക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) രജിസ്ട്രേഷൻ നടപടികളിലെ കാലതാമസം ഒഴിവാക്കി പോക്കുവരവ് ഉൾപ്പെടെയുള്ള തുടർനടപടികൾ വേഗത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ?

**<u>വ്യവസായ നയം 2023</u>**

*185 **ശ്രീ പി എസ് സുപാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ . മുഹമ്മദ് മുഹസിൻ**
**ശ്രീ. പി. ബാലചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ നയം 2023 ന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കേരളത്തെ വ്യവസായങ്ങളുടെ പ്രധാന ഹബ്ബാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ വ്യവസായ നയം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(സി) നിക്ഷേപങ്ങൾ വൻതോതിൽ ആകർഷിച്ചും നവീന ആശയങ്ങൾ വളർത്തിയും സുസ്ഥിര വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ വ്യവസായ നയം 2023 മുന്നോട്ടുവയ്ക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) വ്യവസായ വിപ്ലവം 4.0 ഇന്ത്യയിൽ നടപ്പിലാക്കാൻ അനുയോജ്യമായ സ്ഥലം കേരളമാണ് എന്നത് കണക്കിലെടുത്ത് സൺറൈസ് വ്യവസായങ്ങൾക്ക് വലിയ ആനുകൂല്യങ്ങൾ വ്യവസായ നയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) വ്യവസായ വിപ്ലവം 4.0 ന്റെ ഭാഗമായി വേണ്ട സംവിധാനങ്ങൾ ഒരുക്കുന്നതിനായി നിർമ്മിത ബുദ്ധിയുപയോഗിച്ച് പ്രവർത്തിക്കുന്ന സംരംഭങ്ങൾക്ക് ചെലവാക്കുന്ന തുകയുടെ നിശ്ചിത ശതമാനം തിരികെ നൽകുന്നതിനുള്ള പദ്ധതി വ്യവസായ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ഡാമുകളിൽ നിന്നും പുറന്തള്ളുന്ന വെള്ളം പുനരുപയോഗിച്ചുള്ള വൈദ്യുതി ഉല്പാദനം</u>**

*186 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിന്റെ ഡാമുകളിൽ നിന്നും ഉപയോഗിച്ച ശേഷം പുറന്തള്ളുന്ന വെള്ളം പുനരുപയോഗിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ സ്വകാര്യ കമ്പനികൾക്കും പങ്കാളിത്തം നൽകാൻ ആലോചനയുണ്ടോ;

(സി) ഇക്കാര്യത്തിൽ ഏതെങ്കിലും സ്വകാര്യ കമ്പനി താൽപര്യം അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഈ പദ്ധതികൾ വഴി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ?

**<u>ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാനുള്ള തീരുമാനം</u>**

*187 **ശ്രീമതി കെ. കെ. രമ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങാനുള്ള ദീർഘകാല കരാറുകൾ റദ്ദാക്കി സ്വകാര്യ കമ്പനികളിൽ നിന്നും ഉയർന്ന നിരക്കിൽ വൈദ്യുതി വാങ്ങാൻ കെ.എസ്.ഇ.ബി. റഗുലേറ്ററി കമ്മീഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) സ്വകാര്യ കമ്പനികൾക്ക് കോടികളുടെ ലാഭമുണ്ടാക്കാനുള്ള കെ.എസ്.ഇ.ബി. യുടെയും റഗുലേറ്ററി കമ്മീഷന്റെയും നീക്കത്തിന്റെ ഭാഗമാണ് ഈ നടപടി എന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) കുറഞ്ഞ തുകയ്ക്ക് വൈദ്യുതി വാങ്ങിയിരുന്ന അതേ കമ്പനികളിൽ നിന്ന് കൂടിയ നിരക്കിൽ വൈദ്യുതി വാങ്ങാനൊരുങ്ങുന്നത് കാരണം കെ.എസ്.ഇ.ബി. പ്രതിമാസം കുറഞ്ഞത് 90 കോടി രൂപയുടെ അധിക ബാദ്ധ്യത വരുത്തുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**<u>ക്ഷേമ പെൻഷൻ വിതരണം</u>**

*188 **ശ്രീ. എൻ. കെ. അക്ബർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ എം രാജഗോപാലൻ**
**ശ്രീ സി കെ ഹരീന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ കുറ്റമറ്റ നിലയിൽ വിതരണം ചെയ്യുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ ഇതുവരെ ക്ഷേമ പെൻഷൻ വിതരണത്തിനായി മാത്രം ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

**<u>കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ഹ്രസ്വകാല കരാർ</u>**

*189 **ശ്രീ. ടി. ജെ. വിനോദ്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീമതി ഉമ തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞവിലയ്ക്ക് വൈദ്യുതി ലഭിച്ചിരുന്ന ദീർഘകാല കരാറുകൾ റദ്ദാക്കി കൂടിയവിലയ്ക്ക് വൈദ്യുതി വാങ്ങുന്നതിനുള്ള ഹ്രസ്വകാല കരാറുകൾക്കായി കെ.എസ്.ഇ.ബി. റെഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത നടപടി കെ.എസ്.ഇ.ബി. യ്ക്ക് കടുത്ത സാമ്പത്തിക ബാദ്ധ്യതയ്ക്ക് കാരണമാകുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത നീക്കത്തിൽ നിന്നും പിന്മാറാൻ കെ.എസ്.ഇ.ബി. തയ്യാറാകുമോയെന്ന് അറിയിക്കാമോ?

## ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ നടപടി

*190 **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. കെ.പി.മോഹനൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ധനകാര്യ സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എഫ്.സി, കെ.എസ്.എഫ്.ഇ. തുടങ്ങിയ ധനകാര്യ സ്ഥാപനങ്ങൾ വഴി കുറഞ്ഞ പലിശ നിരക്കിൽ കൂടുതൽ ലോണുകൾ കാലതാമസം കൂടാതെയും നടപടിക്രമങ്ങൾ ലഘൂകരിച്ചും നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## കടമെടുപ്പ് പരിധിയും കിഫ്ബി പദ്ധതികളും

*191 **ശ്രീ. എ. കെ. എം. അഷ്‌റഫ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി നിർവ്വഹണത്തിനായി കടമെടുക്കുന്നത് സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ കൊണ്ടു വന്നത് കിഫ്ബി മുഖേന പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഏറ്റെടുക്കുന്ന കിഫ്ബി പദ്ധതികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ പണം ഏതു രീതിയിൽ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബി മുഖേനയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ കരാറുകാർക്ക് നൽകാനുള്ള തുക കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ആയത് എന്നത്തേക്ക് തീർപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## ജി.എസ്.ടി. തർക്കപരിഹാര ട്രൈബ്യൂണലും സ്വർണ്ണ വ്യാപാര നികുതിയും

*192 **ശ്രീ. ഇ കെ വിജയൻ**

**ശ്രീ ജി എസ് ജയലാൽ**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. സി.സി. മുകുന്ദൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. ട്രൈബ്യൂണൽ അനുവദിക്കണമെന്ന ആവശ്യത്തിന് അനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ജി.എസ്.ടി. വിവരങ്ങൾ കള്ളപ്പണനിരോധന നിയമവുമായി ബന്ധപ്പെടുത്തി എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന് കൈമാറണമെന്ന കേന്ദ്ര വിജ്ഞാപനത്തെ സംസ്ഥാനം എതിർത്തിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ നികുതി ഏർപ്പെടുത്താനുള്ള ജി.എസ്.ടി. കൗൺസിൽ നിർദ്ദേശം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഇ–വേ ബിൽ സമ്പ്രദായത്തിൽ എത്ര രൂപവരെയുള്ള സ്വർണ്ണം കൊണ്ടുപോകാമെന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) സ്വർണ്ണ വ്യാപാരവുമായി ബന്ധപ്പെട്ട നികുതി വെട്ടിപ്പ് തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>ഹരിത ഊർജ്ജ വരുമാന പദ്ധതിയും അംഗൻ ജ്യോതി പദ്ധതിയും</u>**

*193 **ശ്രീ വി ശശി**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉയർന്ന സാമ്പത്തിക ശേഷിയുള്ളവർക്ക് മാത്രം ലഭ്യമായിരുന്ന സൗരോർജ്ജ ഉൽപ്പാദനം പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്ക് കൂടി സൗജന്യമായി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ആയത് ലഭ്യമാക്കുന്നതിന് ഹരിത ഊർജ്ജ വരുമാന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകളിൽ സംസ്ഥാന പദ്ധതി വിഹിതം വിനിയോഗിച്ച് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) അങ്കണവാടികളിലെ പാചകരീതി പൂർണ്ണമായും വൈദ്യുതാധിഷ്ഠിത പാചകമാക്കി മാറ്റി സുരക്ഷിതവും മലിനീകരണ വിമുക്തമാക്കുവാനുള്ള അംഗൻ ജ്യോതി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

**<u>സഹകരണ സ്ഥാപനങ്ങളിലെ ഓഡിറ്റ് കാര്യക്ഷമമാക്കാൻ നടപടി</u>**

*194 **ശ്രീ. പി. കെ. ബഷീർ**
**ശ്രീ. പി. ഉബൈദുള്ള**

**ശ്രീ. പി. അബ്ദുൽ ഹമീദ്**

**ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തത് മൂലം സഹകരണ സ്ഥാപനങ്ങളുടെ നടത്തിപ്പിൽ വീഴ്ചകളും അപാകതകളുമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ടീം ഓഡിറ്റ് സംവിധാനം സംസ്ഥാനം മുഴുവനായി നടപ്പാക്കുവാൻ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ഡി) ഓഡിറ്റിംഗിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഓഡിറ്റ് സംവിധാനം കാര്യക്ഷമമല്ലാത്തത് മൂലം സ്ഥാപനത്തിനുണ്ടാകുന്ന നഷ്ടം അവരിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## <u>ഉല്പാദന വിതരണ രംഗത്തെ സഹകരണ മേഖല പ്രവർത്തനങ്ങൾ</u>

*195 **ശ്രീ. കെ.വി.സുമേഷ്**

**ശ്രീ ഒ . ആർ. കേളു**

**ശ്രീ. എച്ച്. സലാം**

**ശ്രീമതി കാനത്തിൽ ജമീല** : താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്ന വിധത്തിൽ ഉല്പാദന രംഗത്ത് മികച്ച രീതിയിലുള്ള ശേഖരണവും വിതരണവും ഉറപ്പാക്കുന്നതിനായി സഹകരണ മേഖലയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കിയിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഉല്പാദന രംഗത്ത് കൺസ്യൂമർ ഫെഡറേഷൻ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ഓൺലൈൻ ഷോപ്പിംഗിനുള്ള സാങ്കേതിക വിദ്യകൾ വികസിപ്പിച്ചിട്ടുണ്ടോ;

(ഡി) സ്റ്റുഡന്റ് മാർക്കറ്റുകൾ ഫലപ്രദമായി സംഘടിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി</u>

*196 **ശ്രീമതി ദെലീമ**

**ശ്രീ. എ. സി. മൊയ്തീൻ**

**ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ വികസനത്തിനും പ്രോത്സാഹനത്തിനും കൂടുതൽ നെയ്ത്തുകാരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനും നെയ്ത്തുകാർക്ക് അധിക

വേതനവും കൂടുതൽ തൊഴിലവസരവും ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി പ്രകാരം സർക്കാർ, എയ്ഡഡ് സ്കൂളിൽ പഠിക്കുന്ന എത്ര വിദ്യാർത്ഥികൾക്ക് യൂണിഫോം നൽകിവരുന്നുണ്ടെന്നും പ്രസ്തുത ആവശ്യങ്ങൾക്കായി എത്ര മീറ്റർ കൈത്തറി തുണി ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം അറിയിക്കാമോ;

(സി) കൈത്തറി വകുപ്പിന് നിലവിൽ എത്ര മീറ്റർ തുണിയുടെ ഓർഡർ ലഭിക്കുന്നുണ്ടെന്നും യൂണിഫോം പദ്ധതിയിൽ ലഭ്യമായ ഓർഡർ പ്രകാരം എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും വിശദമാക്കാമോ;

(ഡി) ഓരോ തൊഴിലാളിക്കും ലഭിക്കുന്ന വേതനത്തിന്റെ പരിമിതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കൈത്തറി മേഖലയിൽ കൂടുതൽ ഓർഡർ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കെ.എസ്.ഇ.ബി. യിൽ താഴ്ന്ന വിഭാഗം ജീവനക്കാരുടെ നിയമനം നടത്താൻ നടപടി

*197 **ശ്രീ. കെ.പി.മോഹനൻ**
**ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. യിലെ മസ്ദൂർ ഉൾപ്പെടെയുള്ള താഴ്ന്ന വിഭാഗം ജീവനക്കാരുടെ നിയമനം നടത്തുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി. വഴി അടിയന്തരമായി നികത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ബിസിനസ്-ടു-ബിസിനസ് ഇടപാടുകൾക്ക് ഇ-ഇൻവോയ്സിംഗ്

*198 **ശ്രീ. കെ.കെ. രാമചന്ദ്രൻ**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിയമപ്രകാരം ഇ-ഇൻവോയ്സിംഗ് ബാധകമാക്കിയിട്ടുള്ളത് ആർക്കെല്ലാമെന്ന് അറിയിക്കാമോ;

(ബി) അഞ്ച് കോടി രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ള വ്യാപാരികളുടെ ബിസിനസ്-ടു-ബിസിനസ് വ്യാപാര ഇടപാടുകൾക്ക് ഇ-ഇൻവോയ്സിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും മേഖലകളെ ഇ-ഇൻവോയ്സിംഗിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ;

വിശദമാക്കുമോ?

**<u>എ.ഐ. ക്യാമറകൾ സ്ഥാപിക്കാൻ ഫെസിലിറ്റി മാനേജ്മെന്റ് സർവീസ്</u>**

*199 **ശ്രീ. സനീഷ്കുമാർ ജോസഫ്**
**ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഷാഫി പറമ്പിൽ**
**ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എ.ഐ. ക്യാമറകൾ സ്ഥാപിക്കാനായി നടപ്പിലാക്കിയ പദ്ധതിയുടെ ഫെസിലിറ്റി മാനേജ്മെന്റ് സർവീസിനുള്ള എന്തൊക്കെ പ്രവൃത്തികളാണ് കെൽട്രോൺ നിർവ്വഹിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) ഫെസിലിറ്റി മാനേജ്മെന്റ് സർവീസിനുള്ള പ്രവൃത്തികൾ നടത്തുന്നതിനായി കെൽട്രോൺ ടെൻഡർ ക്ഷണിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത ഫെസിലിറ്റി മാനേജ്മെന്റ് സർവീസിന്റെ ഭാഗമായി ട്രാഫിക് നിയമലംഘനങ്ങൾക്ക് നോട്ടീസ് അയയ്ക്കുന്ന പ്രവൃത്തി നിർവഹിക്കേണ്ട ഉത്തരവാദിത്തം കെൽട്രോണിനാണോ എന്ന് വിശദമാക്കുമോ;

(ഡി) പദ്ധതിയുടെ പ്രധാന കരാറിന്റെ ഭാഗമായി ക്യാമറകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും വാറണ്ടി അടക്കമുള്ള എല്ലാ സപ്പോർട്ടും ലഭ്യമായിട്ടും ഫെസിലിറ്റി മാനേജ്മെന്റ് സർവീസ് പ്രത്യേകമായി ഏർപ്പെടുത്താനുണ്ടായ കാരണം വിശദമാക്കാമോ?

**<u>വൈദ്യുതി വിതരണശൃംഖല ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത</u>**

*200 **ശ്രീ. വി. ആർ. സുനിൽകുമാർ**
**ശ്രീ ഇ ചന്ദ്രശേഖരൻ**
**ശ്രീ വി ശശി**
**ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർദ്ധിച്ചുവരുന്ന വൈദ്യുതോപയോഗം നിറവേറ്റുന്നതിനായി വൈദ്യുതി വിതരണ ശൃംഖല ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിലുള്ള ദ്യുതി പദ്ധതിയുടെ തുടർച്ചയായി വിതരണ രംഗം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനും ഗുണമേന്മയുള്ള വൈദ്യുതി ഉറപ്പുവരുത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിച്ച് വരുംവർഷങ്ങളിൽ കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) സംസ്ഥാനത്ത് അടുത്ത ഇരുപത്തഞ്ച് വർഷത്തേക്കുള്ള വൈദ്യുതിയുടെ ആവശ്യകത കണക്കാക്കിയിട്ടുണ്ടോ; ഇതിനനുസരിച്ച് കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന്

പുറത്തുനിന്നും കൊണ്ടുവരുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

**<u>വൈദ്യുതി ബോർഡിന്റെ സേവനങ്ങൾക്കുള്ള ഫീസുകളിൽ വർദ്ധനവ്</u>**

*201 **ഡോ. എം. കെ. മുനീർ**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡിൽ നിന്നും ലഭ്യമാക്കുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസുകൾ വർദ്ധിപ്പിക്കുന്നതിലൂടെ എത്ര രൂപയുടെ വരുമാന വർദ്ധനവ് ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉപഭോക്താക്കളെ ദോഷകരമായി ബാധിക്കുന്ന പ്രസ്തുത വർദ്ധനവ് പിൻവലിക്കാൻ തയ്യാറാകുമോ; വിശദമാക്കുമോ?

**<u>വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കാൻ നടപടി</u>**

*202 **ശ്രീ എം മുകേഷ്**
**ശ്രീ കടകംപള്ളി സുരേന്ദ്രൻ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വൈദ്യുതിയുടെയും ചാർജിംഗ് സ്റ്റേഷനുകളുടെയും വർദ്ധിച്ചുവരുന്ന ആവശ്യകത കണക്കിലെടുത്ത് നടത്തുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കെ.എസ്.ഇ.ബി. വികസിപ്പിച്ചെടുത്ത പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾക്ക് ദേശീയാംഗീകാരം നേടിയെടുക്കുവാൻ സാധിച്ചിട്ടുണ്ടോ; പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ കവറേജ് വിലയിരുത്തിയിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഇ.വി. ചാർജിംഗ് മേഖലയിലേക്ക് സംരംഭകരെ ആകർഷിക്കുന്നതിനായി പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

**<u>ജി.എസ്.ടി. ട്രൈബ്യൂണൽ</u>**

*203 **ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ എം നൗഷാദ്**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. തർക്കപരിഹാരങ്ങൾക്കായി ട്രൈബ്യൂണൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിരുന്നോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാന അപ്പലേറ്റ് ട്രൈബ്യൂണലുകളുടെ ഘടന സംബന്ധിച്ച് അന്തിമരൂപം ആയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) അപ്പലേറ്റ് ട്രൈബ്യൂണലുകൾ സ്ഥാപിക്കുന്നതിന് നിയമഭേദഗതി പരിഗണനയിലുണ്ടോ; അതിനായി പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>മെഡിസെപ്പ് പദ്ധതി</u>**

*204 **ശ്രീ. ടി.ഐ.മധുസൂദനൻ**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ഡോ. സുജിത് വിജയൻപിള്ള**
**ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് ഇൻഷുറൻസ് പദ്ധതി അനുസരിച്ച് അവയവമാറ്റ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ള മാരക രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായി പ്രത്യേകമായ കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ടോ; ഇൻഷുറൻസ് കാലാവധിക്ക് മുമ്പ് തന്നെ ഇതിനായുള്ള തുക പൂർണ്ണമായും വിനിയോഗിക്കപ്പെട്ട് കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ചികിത്സകൾ മുടങ്ങാതിരിക്കാൻ സർക്കാർ രൂപീകരിച്ചിട്ടുള്ള കോർപ്പസ് ഫണ്ടിൽ നിന്നും അധിക തുക നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) മെഡിസെപ്പ് പദ്ധതി കൂടുതൽ ഉപഭോക്തൃ സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി പ്രത്യേക മൊബൈൽ ആപ്പ് ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(സി) കാരുണ്യ ആരോഗ്യ ഇൻഷുറൻസ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കി വരുന്നുണ്ടോ; എങ്കിൽ ഈ പദ്ധതിയിലൂടെ എത്ര കുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതിനായി സംസ്ഥാന സർക്കാർ എത്ര രൂപ ചെലവഴിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാണോ; എങ്കിൽ നൽകാമോ?

**<u>കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി</u>**

*205 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ**
**ശ്രീ. എം. എം. മണി**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകർഷകരുടെ സംഭരണ-വിപണന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹകരണ സംഘങ്ങൾ വഴി നടത്തിവരുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസസിംഗ് ആന്റ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (കോപ്കോസ്) രൂപീകരിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതി വിശദമാക്കുമോ;

(സി) സഹകരണ മേഖലയിൽ റൈസ് മില്ലുകൾ പ്രവർത്തിച്ചുവരുന്നത്ഏതൊക്കെ ജില്ലകളിലാണ് എന്നതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) 2023 സെപ്റ്റംബർ മുതൽ കോപ്കോസ് വഴി നെല്ല് സംഭരിക്കാനും സംസ്കരിക്കാനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഇ) കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് കേരള ബ്രാൻഡ് അരി വിപണിയിൽ എത്തിക്കുന്നതിന് സഹകരണ വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## വൈദ്യുതി ഉൽപ്പാദന മേഖലയിലെ നേട്ടങ്ങൾ

*206 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദന മേഖലയിൽ ഈ സർക്കാരിന്റെ കാലയളവിൽ കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതി ഉപയോഗം നിർബന്ധമാക്കുന്ന ഹൈഡ്രോ പവർ പർച്ചേയ്സ് ഒബ്ലിഗേഷൻ നിലവിൽ വന്ന സാഹചര്യത്തിൽ ജലവൈദ്യുത പദ്ധതികളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും പുതിയവ സ്ഥാപിക്കുന്നതിനും സർക്കാർ നടത്തിയിട്ടുള്ള ഇടപെടലുകൾ ഫലപ്രദമായിട്ടുണ്ടോ; വിശദമാക്കുമോ?

## ട്രഷറിയുടെ പ്രവർത്തനം ആധുനീകരിക്കുവാൻ നടപടി

*207 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. പി. വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അറുപത് വർഷം പിന്നിടുന്ന ട്രഷറിയുടെ പ്രവർത്തനം ആധുനീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമായി നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാന ട്രഷറിയിൽ സർക്കാരിനും പൊതുജനങ്ങൾക്കും ആശ്രയിക്കാവുന്ന വിധത്തിൽ ഇ-ട്രഷറി സംവിധാനം നടപ്പാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ട്രഷറിയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

## സഹകരണ എക്സ്പോ

*208 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. മുരളി പെരുനെല്ലി**

**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾക്കായി എത്രത്തോളം യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ സ്വീകാര്യത ലഭിക്കുന്ന രൂപത്തിൽ സഹകരണ എക്സ്പോ സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സഹകരണ എക്സ്പോ വഴി ഉല്പന്നങ്ങളുടെ സ്വീകാര്യത കൂടാനും അതുവഴി ഉല്പന്നങ്ങളും ഉല്പാദക യൂണിറ്റുകളും വർദ്ധിക്കാനും കാരണമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഡി) ആരോഗ്യ ചികിത്സാരംഗത്തെ സഹകരണ മേഖലയുടെ പങ്കാളിത്തം എക്സ്പോയിലൂടെ വെളിപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്ന വിവിധ തുണിത്തരങ്ങളുടെ ശേഖരം ആകർഷണീയമായി പ്രദർശിപ്പിക്കാനും വിപണനം നടത്താനും സഹകരണ എക്സ്പോ വഴി കഴിഞ്ഞിട്ടുണ്ടോ;

(ഇ) ബ്രാൻഡിംഗ് ഇമേജിലൂടെ സഹകരണ ഉല്പന്നങ്ങളെ ജനമനസ്സിൽ എത്തിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

## <u>മെഡ്സ്-പാർക്ക്</u>

*209 **ശ്രീ. എം.വിജിൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു മെഡിക്കൽ സംരംഭക എക്കോ സിസ്റ്റം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; ഇതിന്റെ ഭാഗമായി മെഡ്-ടെക് സ്റ്റാർട്ടപ്പുകൾക്കും നിർമ്മാതാക്കൾക്കും വേണ്ടി മെഡ്സ്-പാർക്ക് സജ്ജീകരിച്ചിട്ടുണ്ടോ; ഇത് പൂർണ്ണമായും പ്രവർത്തനക്ഷമമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) അതിനൂതന മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മിതിയിലും വിപണനരംഗത്തും മെഡ്സ്-പാർക്കിന്റെ സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇത് വഴി മെഡിക്കൽ ഉപകരണങ്ങളുടെ ഇറക്കുമതിമൂലം രാജ്യത്തിനുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത ഒഴിവാക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## <u>റെഗുലേറ്ററി കമ്മീഷന്റെ നടപടി മൂലമുള്ള സാമ്പത്തിക ബാദ്ധ്യത</u>

*210 **ശ്രീ. സി. ആർ. മഹേഷ്**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**ശ്രീ. അൻവർ സാദത്ത്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറഞ്ഞ വിലയ്ക്കുള്ള കരാറുകൾ റദ്ദാക്കിയ റെഗുലേറ്ററി കമ്മീഷന്റെ നടപടിക്കെതിരെ കെ.എസ്.ഇ.ബി. അപ്പലേറ്റ് ട്രിബ്യൂണലിനെ സമീപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ റെഗുലേറ്ററി കമ്മീഷന്റെ തീരുമാനത്തെ എതിർക്കാൻ അപ്പലേറ്റ് ട്രിബ്യൂണലിൽ കെ.എസ്.ഇ.ബി. ഉന്നയിച്ച വാദങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ;

(സി) റെഗുലേറ്ററി കമ്മീഷന്റെ പ്രസ്തുത നടപടി കെ.എസ്.ഇ.ബി. യ്ക്ക് കടുത്ത സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കും എന്നത് കെ.എസ്.ഇ.ബി. ഉന്നയിച്ചിരുന്നോ വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി. യ്ക്ക് വരുന്ന വൻതോതിലുള്ള അധികച്ചെലവ് സർച്ചാർജായി ഈടാക്കാൻ നീക്കമുണ്ടോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,

അംഗീകരിച്ച തീയതി: 2023 ആഗസ്റ്റ് 19, ശനി
ശ്രീ. എ. എം. ബഷീർ,
സെക്രട്ടറി

---

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].